"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

പിന്നാക്ക വിഭാഗ വികസന വകുപ്പ് - കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷന്റെ e-CDESK വെബ് പോർട്ടലിന്റെ 2022-2023 വർഷത്തെ ആന്വൽ മെയിന്റനൻസ് കോൺട്രാക്ട് (AMC) പുതുക്കുന്നതിനുള്ള തുകയ്ക്ക് - ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

പിന്നാക്ക വിഭാഗ വികസന(ബി) വകുപ്പ്

സ.ഉ.(സാധാ) നം.20/2024/BCDD തീയതി,തിരുവനന്തപുരം, 13-03-2024

---

പരാമർശം:-

1. 21.08.2023 തിയതിയിലെ സ.ഉ(സാധാ)നം. 73/2023/BCDD നമ്പർ ഉത്തരവ്
2. 14.12.2023 തിയതിയിലെ സ.ഉ.(സാധാ)നം.106/2023/BCDD നമ്പർ ഉത്തരവ്
3. കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷൻ രജിസ്ട്രാരുടെ 08.01.2024 ലെ 18/A2/2023/കെ.എസ്.സി.ബി.സി. നമ്പർ കത്ത്
4. 22.02.2024 തിയതിയിലെ G.O.(Rt)No.1657/2024/Fin. നമ്പർ ഉത്തരവ്

<u>ഉത്തരവ്</u>

സംസ്ഥാന സർവ്വീസിലെ സ്ഥിരം ജീവനക്കാരുടെ മതം-ജാതി-ഉപജാതി -മറ്റ് വിവരങ്ങൾ എന്നിവ ശേഖരിക്കുന്നതിന്റെ ഭാഗമായി കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷന്റെ കീഴിൽ ആരംഭിച്ച് പ്രവർത്തിച്ചു വരുന്ന e-CDESK എന്ന വെബ്പോർട്ടലിന്റെ 2022-23 വർഷത്തെ ആന്വൽ മെയിന്റനൻസ് കോൺട്രാക്ട് (AMC)പുതുക്കുന്നതിന് (01.05.2022 മുതൽ 30.04.2023 വരെ) നികുതിയടക്കം 1,46,999/-രൂപ രണ്ട് തുല്യ ഗഡുക്കളായി 2225-03-800-99-35 മൂലധന ആസ്തികളുടെ രൂപീകരണം സംബന്ധിച്ച ശീർഷകത്തിൽ നിന്നും സി-ഡിറ്റിന് നൽകുന്നതിന് പരാമർശം(1) ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിരുന്നു.

2.e-CDESK വെബ്പോർട്ടലിന്റെ 2022-23 വർഷത്തെ ആന്വൽ മെയിന്റനൻസ് കോൺട്രാക്ട് (01.05.2022 മുതൽ 30.04.2023 വരെയുള്ള കാലത്തേക്ക്)പുതുക്കുന്നതിനായി നികുതിയടക്കം 1,46,999/-രൂപ ഒറ്റ ഗഡുവായി 2225-03-800-99-35 മൂലധന ആസ്തികളുടെ രൂപീകരണം സംബന്ധിച്ച ശീർഷകത്തിൽ നിന്ന് സി-ഡിറ്റിന് നൽകുന്നതിന് പരാമർശം(2)പ്രകാരം ഉത്തരവായിട്ടുണ്ട്.

3. 2023-24 സാമ്പത്തിക വർഷത്തിൽ 2225-03-800-99-35 മൂലധന ആസ്തികളുടെ രൂപീകരണം സംബന്ധിച്ച ശീർഷകത്തിൽ 1000/-രൂപയുടെ ടോക്കൺ പ്രൊവിഷൻ മാത്രമെ അനുവദിച്ചിട്ടുള്ളു എന്നതിനാൽ e-CDESK വെബ്പോർട്ടലിന്റെ 2022-23 വർഷത്തെ ആന്വൽ മെയിന്റനൻസ് കോൺട്രാക്ട് (01.05.2022 മുതൽ 30.04.2023

വരെയുള്ള കാലത്തേക്ക്)പുതുക്കുന്നതിനായി നികുതിയടക്കം 1,46,999/- രൂപ ഒറ്റ ഗഡുവായി 2225-03-800-99-35 മൂലധന ആസ്തികളുടെ രൂപീകരണം സംബന്ധിച്ച ശീർഷകത്തിൽ അധിക ധന സഹായമായി നടപ്പു സാമ്പത്തിക വർഷത്തിൽ അടിയന്തിരമായി അനുവദിക്കണമെന്ന് പരാമർശം(3) പ്രകാരം കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷൻ അഭ്യർത്ഥിക്കുകയുണ്ടായി.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. e-CDESK വെബ്പോർട്ടലിന്റെ 2022-23 വർഷത്തെ ആന്വൽ മെയിന്റനൻസ് കോൺട്രാക്ട്(AMC)(01.05.2022 മുതൽ 30.04.2023 വരെയുള്ള കാലത്തേക്ക്)പുതുക്കുന്നതിനായി 2225-03-800-99-35 ശീർഷകത്തിൽ അധിക ധനാനുമതിയായി 1,47,000 രൂപ അനുവദിച്ചുകൊണ്ട് സൂചന 4 പ്രകാരം ധനകാര്യ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ e-CDESK വെബ്പോർട്ടലിന്റെ 2022-23 വർഷത്തെ ആന്വൽ മെയിന്റനൻസ് കോൺട്രാക്ട് 01.05.2022 മുതൽ 30.04.2023 വരെയുള്ള കാലത്തേയ്ക്ക് പുതുക്കുന്നതിനായി സൂചന 4 പ്രകാരം അനുവദിച്ച തുകയിൽ നിന്നും, നികുതിയടക്കം 1,46,999/- രൂപ ഒറ്റ ഗഡുവായി 2225-03-800-99-35 മൂലധന ആസ്തികളുടെ രൂപീകരണം സംബന്ധിച്ച ശീർഷകത്തിൽ നിന്നും സി-ഡിറ്റ്-ന് നൽകുന്നതിന് കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

LATHA.S

അഡിഷണൽ സെക്രട്ടറി

പകർപ്പ്

രജിസ്ട്രാർ,കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മിഷൻ, കവടിയാർ പി.ഒ., തിരുവനന്തപുരം

ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന വകുപ്പ്, കവടിയാർ പി.ഒ.,തിരുവനന്തപുരം

ധനകാര്യ വകുപ്പ്(WW-WW1/57/2023-FIN dated 01.03.2024)

അക്കൗണ്ടന്റ് ജനറൽ(എ &ഇ/ഓഡിറ്റ്),കേരള,തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ)വകുപ്പ്

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Navasukutty K
Date: 14-03-2024 10:13:29

സെക്ഷൻ ഓഫീസർ